# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1908

16.06.2014-ൽ മറുപടിയ്ക്ക്

### സാമൂഹ്യവന വല്ക്കരണത്തിലെ അഴിമതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എൻ. എ ഖാദർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സാമൂഹ്യവനവൽക്കരണത്തിനായി വനംവകുപ്പ് നഴ്സറികൾ സ്ഥാപിച്ച് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) സാമൂഹ്യവനവൽക്കരണത്തിനായി വനംവകുപ്പ് നഴ്സറികൾ സ്ഥാപിച്ച് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) തൈകൾ വളർത്തുന്നതിനാവശ്യമായ പ്ലാസ്റ്റിക് കൂടുകൾ വാങ്ങുന്നതിലും വിത്തും ചെടികളും വാങ്ങുന്നതിലും വളം ചെയ്യുന്നതിലും വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുണ്ടോ ; | ബി) തൈകൾ വളർത്തുന്ന പ്ലാസ്റ്റിക് കൂടുകൾ, വിത്തുകൾ തുടങ്ങിയവ സർക്കാർ ഗസറ്റിലും പ്രധാനപത്രങ്ങളിലും പരസ്യം നൽകി ടെൻഡർ നടപടിക്രമങ്ങളിലൂടെയാണ് വാങ്ങുന്നത്. അഴിമതി നടക്കുന്നതിനുള്ള പഴുതുകൾ ഒഴിവാക്കാൻ വേണ്ടിയാണ് ഇപ്രകാരമുള്ള സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുവരുന്നത്. പ്ലാസ്റ്റിക് കൂടുകളും, വിത്തുകളും വാങ്ങുന്നതിലും, വളം ചെയ്യുന്നതിലും അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എത്ര തൈകൾ നട്ടുവെന്നും അവയുടെ ഓരോ ഘട്ടത്തിലും വേണ്ട പരിചരണത്തിന് എന്തു തുക ചെലവായെന്നും ഉള്ള വ്യക്തമായ | സി) "വഴിയോരത്തണൽ" പദ്ധതിയിലുൾപ്പെടുത്തി പാതയോരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് ഒഴികെ, സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന വൃക്ഷത്തൈ നടീലോ, പരിചരണമോ നിലവിൽ നടത്തിവരുന്നില്ല. ഹരിതകേരളം |

| | | | |
|---|---|---|---|
| | കണക്കുകൾ ലഭ്യമാക്കാറുണ്ടോ ; | | പദ്ധതിയിലുൾപ്പെടുത്തി "എന്റെ മരം", "നമ്മുടെ മരം" എന്നിങ്ങനെ വിവിധ സ്കീമുകളിലൂടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, പത്ര മാദ്ധ്യമങ്ങൾ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർക്കായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. അപ്രകാരമുള്ള തൈകളുടെ കണക്കുകളും, വഴിയോരത്തണൽ, ബ്ളോക്ക് പ്ളാന്റിംഗ് എന്നിവ മുഖേന നട്ടുപിടിപ്പിച്ച തൈകളുടെ എണ്ണവും അവയുടെ ഓരോഘട്ടത്തിലും വേണ്ട പരിചരണത്തിന് ചെലവായ തുകയുടെ കണക്കുകളും ലഭ്യമാക്കിയിട്ടുള്ളതാണ്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഡി) | വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം മുഖേന തുടർച്ചയായ നിരീക്ഷണങ്ങളും, വിലയിരുത്തലുകളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ